ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) 350 വ്യവസായശാലകളും.

(ബി) ഫാക്ടറി തൊഴിലാളികളിൽ ഏകദേശം അൻപതിനായിരം പേർ ഇതിന്റെ ഗുണം അനുഭവിക്കുന്നുണ്ട്. ക്രമേണ തോട്ടംതൊഴിലാളികളിൽ ഒരുലക്ഷത്തിൽപരം പേർക്ക് ഇതിന്റെ ഗുണം ലഭിക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) ഇതുസംബന്ധിച്ചുള്ള അവസാന തീരുമാനം എടുക്കേണ്ടതു കേന്ദ്രഗവണ്മെന്റാണ്.

ശ്രീ. എം. നാരായണക്കുറുപ്പ്: ഇങ്ങനെ ഏർപ്പെടുത്തിയ എത്ര വ്യവസായശാലകളിലെ ഉടമകൾ അവരുടെ വിഹിതം ക്രമമായിട്ട് കൊടുക്കുന്നുണ്ടെന്നും ഗവണ്മെന്റിനു് അറിയാമോ?

ശ്രീ. ടി. വി. തോമസ്: മിക്കവാറും എല്ലാവരും കൊടുക്കുന്നുണ്ട്; എന്തെങ്കിലും ഡിഫാൾട്ടു വന്നാൽ അവരുടെമേൽ വേണ്ട നടപടി സ്വീകരിക്കുന്നുണ്ട്.

ചെത്തുതൊഴിലാളി സമരം.

* 1677. [28] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെത്തുതൊഴിലാളി സഹകരണസംഘത്തിനു് അനുവദിച്ചിരുന്ന കള്ളുഷാപ്പുകൾ കൊടുത്തപ്പോൾ, കള്ളുഷാപ്പുകളിൽ ദിർഘകാലം ജോലിചെയ്തുവന്നിരുന്നവരെ ജോലിക്കു് എടുക്കാതിരുന്നിട്ടുണ്ടോ;

(ബി) അത്തരം തൊഴിലാളികൾ ഒരു സമരം നടത്തുകയുണ്ടായോ;

(സി) കള്ളുഷാപ്പുകൾ പിക്കറ്റുചെയ്ത എത്ര തൊഴിലാളികളെ അറസ്റ്റുചെയ്തു;

(ഡി) പറവൂർ കള്ളുഷാപ്പു തൊഴിലാളിയൂണിയനും മുൻപിലത്തെ കള്ളുഷാപ്പു കൺട്രാക്ടറന്മാരും തമ്മിൽ ഒരു കരാറുണ്ടാക്കിയിട്ടുണ്ടോ;

(ഇ) ആ കരാറിനെതിരായിട്ടല്ലേ ചെത്തുതൊഴിലാളി സഹകരണസംഘവും ഈ തൊഴിലാളികൾക്കു ജോലികൊടുക്കാതിരുന്നതു്?

ഗതാഗതവും തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. വി. തോമസ്):

(എ) കുറച്ചുപേർക്കു കൊടുക്കാതിരുന്നിട്ടുണ്ട്.

(ബി) ഉവ്വു്.

(സി) പിക്കറ്റുചെയ്ത 111 പേരെ പോലീസ് അകറ്റുനീക്കിയശേഷം പ്രോസിക്യൂട്ടുചെയ്തിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ചെത്തുതൊഴിലാളി സംഘത്തെയും, യൂണിയനുമായി യാതൊരു കരാറും ഉണ്ടായിട്ടില്ല; തൊഴിലാളികൾക്കു ജോലികൊടുക്കാതിരുന്നതു് കരാറിനെതിരായിരുന്നു എന്നു പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. ഒ. ബാവാ: കുറച്ചുപേരൊഴികെ ഒഴിച്ചുനിറുത്താൻ കാരണമെന്താണു്?

ശ്രീ. ടി. വി. തോമസ്: ഷാപ്പുകളിൽ കച്ചവടം നടത്തുന്നതിനു് അനുസരിച്ചു് ആവശ്യമുള്ളവരെമാത്രം എടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എം. കല്യാണകൃഷ്ണൻനായർ: അറസ്റ്റുചെയ്യപ്പെട്ടവർ സമരം നടത്തിയവരാണോ, അനുഭാവികളായിരുന്നോ?

ശ്രീ. ടി. വി. തോമസ്: തൊഴിലാളികളും, അനുഭാവികളും ഉണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: തൃശ്ശൂർ ജില്ലയിൽ സഹകരണസംഘങ്ങളെ എല്പിച്ച ചില ക്ഷാല്പുകളിൽ തൊഴിലാളികളെ എടുത്തില്ലെന്നുള്ള കാരണം പറഞ്ഞു് സമരം നടത്തുന്നതായി അറിയാമോ?

ശ്രീ. ടി. വി. തോമസ്: അറിയാം.

ശ്രീ. കെ. കെ. വിശ്വനാഥൻ: തൊഴിലാളികളിൽ കുറെപേരെ എടുക്കാതിരുന്നതു് കച്ചവടം കുറവായതുകൊണ്ടാണോ, ആവശ്യമില്ലാത്തതുകൊണ്ടാണോ?

ശ്രീ. ടി. വി. തോമസ്: മുൻപിലത്തപ്പോലെയുള്ള കച്ചവടക്രമമല്ല ഇപ്പോൾ നടക്കുന്നതു്. അതുകൊണ്ടു് മുൻപുണ്ടായിരുന്നവരെ മുഴുവൻ ആവശ്യമില്ലാതെവന്നതാണു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ സമരം നടന്നുകൊണ്ടിരുന്നപ്പോൾ ലേബർ ഡിപ്പാർട്ടുമെന്റു് ഇടപെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: ഇടപെട്ടിട്ടുണ്ടു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: എന്തെങ്കിലും തീരുമാനം എടുക്കാൻ സാധിക്കാതെയാണോ പോലീസ് അറസ്റ്റുനടന്നതു്?

ശ്രീ. ടി. വി. തോമസ്: യൂണിയനും സഹകരണസംഘവും തമ്മിൽ യാതൊരു എഗ്രിമെന്റുമില്ല, പിരിഞ്ഞുപോയ കണ്ടക്റ്റർമാരാണു് ഇപ്രകാരം ഒരു എഗ്രിമെന്റു് ഒപ്പിട്ടിരിക്കുന്നതു്.

ശ്രീ. കെ. കെ. വിശ്വനാഥൻ: ഈ കാര്യത്തിൽ ലേബർഡിപ്പാർട്ടുമെന്റിനു് ഒന്നുംചെയ്യാൻ സാധിക്കുകയില്ലേ?

ശ്രീ. ടി. വി. തോമസ്: ഡിപ്പാർട്ടുമെന്റു് ഇടപെട്ടു് പരിഹാരം കാണാനുള്ള ശ്രമം നടക്കുകയാണു്.

ശ്രീ. കെ. എ. ബാലൻ: പിരിച്ചുവിടപ്പെട്ടവർ തൊഴിലാളിസംഘടനയുടെ അപേക്ഷ അയയ്ക്കുണ്ടെന്നും അവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. തോമസ്: അവശ്യപ്പെട്ടിരുന്നു; അവർ അപേക്ഷ അയച്ചില്ല, അതുകൊണ്ടാണു് നിയമിക്കാതിരുന്നതെന്നാണു് അറിയുന്നതു്.

ശ്രീ. കെ. എ. ബാലൻ: ബാക്കിയുള്ളവർ എല്ലാം അപേക്ഷ അയച്ചിരുന്നതായി അറിയാമോ?

ശ്രീ. ടി. വി. തോമസ്: ലേബർ കാൺഫറൻസിൽ, കുറേപേർമാത്രം അപേക്ഷ അയച്ചിരുന്നു, അവർക്കാണു കൊടുത്തിട്ടുള്ളതെന്നും, ബാക്കിയുള്ളവർ അപേക്ഷിച്ചിരുന്നെങ്കിൽ അതു പരിഗണിക്കുമായിരുന്നുവെന്നും പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. എ. ബാലൻ: അപേക്ഷ അയച്ചാൽ അവരെ വീണ്ടും എടുക്കാൻ തയ്യാറാണെന്നും അറിയിച്ചിരുന്നതായി അറിയാമോ?

ശ്രീ. ടി. വി. തോമസ്: അറിഞ്ഞുകൂടാ.

ശ്രീ. കെ. ഭാർഗ്ഗവൻ: അവർ അപേക്ഷ അയയ്ക്കാതിരിക്കാൻ പ്രത്യേക കാരണമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. വി. തോമസ്: സഹകരണസംഘത്തിന്റെ കീഴിൽ പ്രവർത്തിക്കാൻ സാദ്ധ്യമല്ലെന്നു് ആദ്യം ഒരു തീരുമാനം എടുത്തു, പിന്നീടു അപേക്ഷ അയച്ചാൽ എന്തോ കമ്മിറ്റ്മെന്റ് ഉണ്ടെന്നു കരുതിയിരിക്കണം.

ശ്രീ. കെ. ഭാർഗ്ഗവൻ: സംഘടനയുടെ കീഴിൽ പ്രവർത്തിക്കാൻ തയ്യാറല്ലെങ്കിൽ, അതിനുവേണ്ടി സമരംനടത്തി ജോലികിട്ടണമെന്നാവശ്യപ്പെടുന്നതെന്താണു്?

ശ്രീ. ടി. വി. തോമസ്: ഇപ്പോൾ കിട്ടിയാൽ കൊള്ളാമെന്നു് ആഗ്രഹമുണ്ടായിട്ടുകൊണ്ടു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതിനൊരു മദ്ധ്യസ്ഥതീരുമാനത്തിനു ശ്രമം നടത്തിയോ?

ശ്രീ. ടി. വി. തോമസ്: അതിനാണല്ലോ കൺഫർമേഷൻസു് വിളിച്ചുകൂട്ടിയതു്.

ശ്രീ. എം. നാരായണക്കുറുപ്പു്: ഇതു് അഡ്ജൂഡിക്കേഷനു് വിടാൻ ഉദ്ദേശമില്ലേ?

ശ്രീ. ടി. വി. തോമസ്: സാദ്ധ്യമല്ല; തൊഴിലാളി—മുതലാളി ബന്ധം ഇരുകൂട്ടരും തമ്മിലില്ല.

ശ്രീ. എം. നാരായണക്കുറുപ്പു്: പിന്നെ ലേബർ ഡിപ്പാർട്ടുമെന്റ് ഇടപെട്ടതെന്താണു്?

ശ്രീ. ടി. വി. തോമസ്: അതൊരു അനുരഞ്ജനശ്രമം മാത്രമായിരുന്നു.

ശ്രീ. ടി. ഒ. ബാവാ: ഈ സൊസൈറ്റികളിൽ എല്ലാവരും അപേക്ഷിച്ചിരുന്നുവെങ്കിലും, പണംകൂടി ചില ആളുകൾക്കു കൊടുക്കേണ്ടതുണ്ടായിരുന്നതുകൊണ്ടാണു് നിയമിക്കാതിരുന്നതെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്: പണം കൈകാര്യംചെയ്യുന്ന ജോലിയായതുകൊണ്ടു് ഒരു സെക്യൂരിറ്റി വയ്ക്കണമെന്നുണ്ടു്.

ശ്രീ. കെ. എ. ബാലൻ: സെക്യൂരിറ്റി ഇല്ലാതെയും സൊസൈറ്റികളിൽ പ്രവർത്തിക്കാമെന്നറിയാമോ?

ശ്രീ. ടി. വി. തോമസ്: ആദ്യകാലത്തു് അങ്ങനെയാണു് നിർദ്ദേശിച്ചിരുന്നതു്.

பஸ், கார் போக்குவரத்து மூலமாய் உயிர் இழந்தவர்களின் எண்ணிக்கை.

* 1678. [29] ஸ்ரீ. என். கணபதி: கீழ் காணும் வினாக்களுக்கு டிரான்ஸ்போர்ட் இலாகா மந்திரி அவர்கள் விடை பகர்வார்களாக:

(எ) பஸ், கார் போக்குவரத்து மூலமாய் விபத்துகளில் 1958-59-ல் உயிர் இழந்தவர்களின் எண்ணிக்கை எவ்வளவு;

(பி) ஜில்லாவாரியாக கூறப்படுமா;

(சி) இறந்த குடும்ப வாரிசுகளுக்கு ஏதாவது மோட்டார் இன்ஷ்யூரன்ஸ் மூலமாகவோ வேறு வகையிலோ பணம் கொடுக்கப்பட்டதா;

LIBRARY ARCHIVES Kerala Legislative Assembly